# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 8, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| ജലവിഭവ വകുപ്പുമന്ത്രി |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി |
| പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും |
| വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

വിദ്യാലയങ്ങളിലും പൊതുസ്ഥാപനങ്ങളിലും
മഴവെള്ള സംഭരണി

*61 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, കെ. മുരളീധരൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലും പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണി നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>ശബരിമലയിൽ മാലിന്യ സംസ്കരണ സംവിധാനം</u>

*62 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം
,, സാജു പോൾ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിൽ വേണ്ടത്ര വിജയിച്ചില്ലെന്ന നിയമസഭാ സമിതിയുടെ കണ്ടെത്തലിനെ തുടർന്ന് സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ശബരിമലയിൽ ഏർപ്പെടുത്തിയ മാലിന്യ സംസ്കരണ സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) മാലിന്യമുക്ത ശബരിമല പദ്ധതിയുടെ ഭാഗമായി ഇതു വരെ നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്നറിയിക്കുമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

കായലുകളുടെയും തടാകങ്ങളുടെയും വിസ്തൃതി

*63 ശ്രീ. പി. ബി. അബ്ദുൾ റസാക്
'' എം. പി. അബ്ദുസ്സമദ് സമദാനി
'' കെ. മുഹമ്മദുണ്ണി ഹാജി
'' അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായലുകളുടെയും തടാകങ്ങളുടെയും വിസ്തൃതി സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) രണ്ടു പതിറ്റാണ്ടിനിടയിൽ കായലുകളുടെയും തടാകങ്ങളുടെയും വിസ്തൃതി ഗണ്യമായി കുറഞ്ഞതായ പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനം രൂപംകൊണ്ട ശേഷം കായലുകളുടെയും തടാകങ്ങളുടെയും വിസ്തൃതിയിൽ എത്രത്തോളം കുറവുണ്ടായിട്ടുണ്ടെന്ന് മുൻ റവന്യൂ രേഖകളുടെ അടിസ്ഥാനത്തിൽ കണ്ടെത്താനും തുടർനടപടി സ്വീകരിക്കാനും നിർദ്ദേശം നല്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ മരുന്ന് സംഭരണം</u>

*64 ശ്രീ. വി. ശശി
,, ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ മരുന്ന് സംഭരണവുമായി ബന്ധപ്പെട്ട് വകുപ്പുതല പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എപ്പോഴാണ് പരിശോധന നടത്തിയത്; ഏതെല്ലാം വിഭാഗങ്ങളിലാണ് പരിശോധന നടത്തിയത്;

(സി) പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; പരിശോധനാ റിപ്പോർട്ടിന്റെ ഉള്ളടക്കം വ്യക്തമാക്കാമോ;

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും എതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

**കേരള ഹെൽത്ത് ഒബ്സർവേറ്ററി ബേസ് ലൈൻ സ്റ്റഡി സർവ്വേയുടെ വിശദാംശങ്ങൾ**

*65 ശ്രീ. എ. പ്രദീപ്കുമാർ
,, റ്റി. വി. രാജേഷ്
,, ബി. സത്യൻ
ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഹെൽത്ത് ഒബ്സർവേറ്ററി ബേസ് ലൈൻ സ്റ്റഡി (കെ.എച്ച്.ഒ.ബി.എസ്) സർവ്വേയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സർവ്വേയിൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഏതൊക്കെ ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വാശദമാക്കുമോ;

(സി) സർവ്വേയുമായി ബന്ധപ്പെട്ട് കാനഡയിലെ മക്മാസ്റ്റർ സർവ്വകലാശാലയുടെ പോപ്പുലേഷൻ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (പി.എച്ച്.ആർ.ഐ) ആരോഗ്യവകുപ്പ് സെക്രട്ടറിക്ക് 2013 ഒക്ടോബർ മാസം അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സർവ്വേക്കായി സർക്കാർ എന്തു തുക ചിലവഴിച്ചുവെന്നും അത് ഏതൊക്കെ ആവശ്യത്തിന് ആയിരുന്നെന്നും വ്യക്തമാക്കുമോ;

(ഇ) ഇതിനായി കേന്ദ്രസർക്കാരിന്റെയും ഐ.സി.എം.ആർ ന്റെയും അനുമതി ലഭിച്ചിരുന്നോ;

(എഫ്) സർവ്വേയുമായി ബന്ധപ്പെട്ട് ഡോക്ടർമാർക്കും സർക്കാരിതര സംഘടനയ്ക്കും വിദേശപണം ലഭിച്ചതായി വന്ന വാർത്തയെ ക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയുടെ പ്രവർത്തനാവലോകനം</u>

*66 ശ്രീ. എം. ചന്ദ്രൻ
,, കെ. രാധാകൃഷ്ണൻ
,, സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയുടെ ടെണ്ടർ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി റിലയൻസ് കമ്പനിയെ ഏൽപ്പിച്ചുകൊണ്ടുള്ള കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കരാർ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് കമ്പനി അപകട മരണ ഇൻഷൂറൻസ് നിർത്തലാക്കിയതായും വിവിധ ശസ്ത്രക്രിയകൾക്കുള്ള ക്ലെയിം തുകയിൽ കുറവ് വരുത്തിയതായുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കമ്പനിക്കെതിരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനെക്കുറിച്ച് സമഗ്രാവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

വൻകിട ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കാൻ നടപടി

*67 ശ്രീ. അൻവർ സാദത്ത്
,, ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വൻകിട ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(സി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>സീ പ്ലെയിൻ പദ്ധതി</u>

*68 ശ്രീ. വി. എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എവിടെയെല്ലാം സീ പ്ലെയിൻ പദ്ധതിക്കു തുടക്കം കുറിച്ചിട്ടുണ്ട്; എത്ര സ്ഥലങ്ങളിൽ ഈ പദ്ധതി വിജയകരമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര വിമാനങ്ങൾ ലഭിച്ചിട്ടുണ്ട്; ഏതു കമ്പനിയാണ് വിമാനം നൽകിയിട്ടുള്ളത്; ഇത് കരിമ്പട്ടികയിൽപ്പെട്ട കമ്പനിയാണോ;

(സി) കൊച്ചി, ആലപ്പുഴ, ബേക്കൽ എന്നിടവിടങ്ങളിൽനിന്ന് ലക്ഷദ്വീപിലേയ്ക്ക് സീ പ്ലെയിൻ സർവ്വീസ് നടത്താൻ വിനോദസഞ്ചാരവകുപ്പിനു പദ്ധതിയുണ്ടോ; എങ്കിൽ എന്നു മുതൽ ആരംഭിക്കുമെന്നു വെളിപ്പെടുത്തുമോ;

(ഡി) സർവ്വീസ് നടത്താൻ കഴിയാതെ ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്ന എത്ര സീ പ്ലെയിനുകൾ ഇപ്പോഴുണ്ടെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

മരുന്നു വിപണിയിൽ അനധികൃത ഇടപെടലുകൾ
നിയന്ത്രിക്കാൻ നടപടി

*69 ശ്രീ. ഇ. പി. ജയരാജൻ
'' എളമരം കരീം
'' സി. കൃഷ്ണൻ
'' ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാഫിയാ സംഘമായി പ്രവർത്തിക്കുന്നു എന്ന് നിയമസഭാ കമ്മിറ്റി വിലയിരുത്തിയ ഓൾ കേരള കെമിസ്റ്റ് ആന്റ് ഡ്രഗിസ്റ്റ്സ് അസോസിയേഷൻ (എ.കെ.സി.ഡി.എ) മരുന്നു വിപണിയിൽ അനധികൃത ഇടപെടലുകൾ നടത്തി കൃത്രിമക്ഷാമവും വിലക്കയറ്റവും സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഘടനയെ നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) സംഘടനയുടെ മേൽ സുപ്രീംകോടതി അഞ്ചുകോടി രൂപ പിഴ ചുമത്താനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇവർ എൻ.ഒ.സി. നൽകാത്ത മരുന്നു കമ്പനികൾക്ക് ഉപരോധമേർപ്പെടുത്തിയിട്ടുണ്ടെന്ന അവരുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഇ) സംസ്ഥാനത്ത് അവശ്യമരുന്നുകൾക്ക് ക്ഷാമം നേരിടാതിരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കര്‍ഷകത്തൊഴിലാളി പെന്‍ഷന്‍ തുകയും വരുമാനപരിധിയും</u>

*70 ശ്രീ. കെ. രാധാകൃഷ്ണന്‍
,, കെ.കെ. നാരായണന്‍
,, വി. ചെന്താമരാക്ഷന്‍
,, സി.കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷകത്തൊഴിലാളി പെന്‍ഷന്‍ ലഭിക്കുന്നതിന് അപേക്ഷകന്റെ പ്രതിവര്‍ഷ കുടുംബവരുമാനപരിധി വര്‍ദ്ധിപ്പിക്കാന്‍ നടപടി സ്വീകരിക്കുമോ; ഇപ്പോഴത്തെ പരിധി എത്രയാണ്; ഇത് ഏത് വര്‍ഷത്തില്‍ കണക്കാക്കപ്പെട്ടിട്ടുള്ളതാണ്; കാലോചിതമായി എപ്പോഴെങ്കിലും പരിധി വര്‍ദ്ധിപ്പിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) വാര്‍ദ്ധക്യകാല പെന്‍ഷന് അപേക്ഷിക്കുന്നവരുടെ വരുമാനപരിധി മൂന്ന് ലക്ഷമായി കേന്ദ്രസര്‍ക്കാര്‍ വര്‍ദ്ധിപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) വരുമാനപരിധിയും പെന്‍ഷനും കാലോചിതമായി വര്‍ദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന കര്‍ഷകതൊഴിലാളി യൂണിയന്‍ നല്‍കിയ നിവേദനം സര്‍ക്കാര്‍ പരിശോധിക്കുകയുണ്ടായോ; ഇക്കാര്യത്തില്‍ ഉടന്‍ തീരുമാനം കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പകർച്ചവ്യാധികൾ</u>

*71 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. സുരേഷ് കുറുപ്പ്
,, പി.കെ. ഗുരുദാസൻ
,, എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൈഫോയിഡ്, ഡെങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാർ സ്വീകരിച്ച മുൻകരുതൽ/പ്രതിരോധ നടപടി വിശദമാക്കുമോ;

(സി) അതിമാരകമായ സ്ക്രബ്ബ് ടൈഫസ് ബാധിച്ച് മൂന്നുപേർ മരണമടഞ്ഞതിനെത്തുടർന്ന് സ്വീകരിച്ച പ്രതിരോധ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത രോഗം മറ്റ് പ്രദേശങ്ങളിലേക്ക് വ്യാപിക്കാതിരിക്കാനായി എന്തെങ്കിലും കരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ജനറിക് മരുന്നുകളുടെ വിതരണം</u>

*72 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് മുതൽ പ്രാഥമികാരോഗ്യ കേന്ദ്രം വരെയുള്ള സർക്കാരാശുപത്രികളിലൂടെ സൗജന്യമായി ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു എന്തു തുകയാണ് നല്കിയതെന്ന് വിശദമാക്കാമോ; തുക പര്യാപ്തമായിരുന്നുവോ;

(സി) ജനറിക് മരുന്നുകളും ബ്രാൻഡഡ് മരുന്നുകളും സർക്കാരാശുപത്രികളിൽ ലഭ്യമാകാത്തതിനാൽ രോഗികൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മരുന്നുക്ഷാമം പരിഹരിക്കാൻ അടിയന്തരമായി എന്തൊക്കെ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

അവയവദാനം

*73 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ വ്യക്തമാക്കാമോ;

(ബി) അവയവദാനം നടപ്പാക്കുമ്പോഴുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അവയവദാനത്തിനുശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽകുന്നതിലുളള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം നഗരത്തിലെ പൈപ്പുപൊട്ടല്‍ ഭീഷണി</u>

*74 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. വി. ശിവന്‍കുട്ടി
'' കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
'' ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരത്തില്‍ അടിക്കടിയുണ്ടാകുന്ന പൈപ്പുപൊട്ടല്‍ കാരണം ജനം കുടിവെള്ളമില്ലാതെ ദുരിതമനുഭവിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) അരുവിക്കരയില്‍ നിന്നുള്ള പ്രധാന പൈപ്പു ലൈനിന് പകരം കാസ്റ്റ് അയണ്‍ പൈപ്പിട്ട് ജലവിതരണം തടസ്സം കൂടാതെ നടത്തുമെന്ന പ്രഖ്യാപനം നടപ്പിലാകാതെ പോയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) അടിക്കടിയുള്ള പൈപ്പുപൊട്ടലിനെക്കുറിച്ച് വിജിലന്‍സ് അന്വേഷണം നടത്തണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിര്‍ദ്ദേശം പാലിച്ചോ; എങ്കില്‍ കണ്ടെത്തല്‍ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(ഡി) അടിക്കടിയുണ്ടാകുന്ന പൈപ്പുപൊട്ടലിന്റെ പിന്നിലുണ്ടാകാനിടയുള്ള വാണിജ്യ താല്പര്യത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിരുന്നുവോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

അവശ്യ മരുന്നുകളുടെ ക്ഷാമം പരിഹരിക്കുവാൻ സ്വീകരിച്ച നടപടി

*75 ശ്രീ. ജെയിംസ് മാത്യു
,, എം. എ. ബേബി
,, രാജു എബ്രഹാം
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി നിർദ്ദേശാനുസരണം 348 ഇനം മരുന്നുകൾ വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെടുത്തിയതിനെ തുടർന്ന് ഇവയ്ക്ക് ക്ഷാമം നേരിടുന്നതായും, പട്ടികയിൽ ഉൾപ്പെടാത്ത മരുന്നുകൾക്ക് വില കുത്തനെ വർദ്ധിപ്പിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവശ്യ മരുന്നുകൾക്കുള്ള ക്ഷാമം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) വിലനിയന്ത്രണ പട്ടികയിലുൾപ്പെടുത്തിയ മരുന്നുകൾ മാർക്കറ്റിൽ ലഭ്യമാക്കാതെ, പകരം കോമ്പിനേഷൻ മരുന്നുകൾ നൽകി രോഗികളെ ചൂഷണം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(ഡി) ഓൾ കേരള കെമിസ്റ്റ്സ് & ഡ്രഗിസ്റ്റ് എന്ന സംഘടനയുടെ അനാവശ്യ ഇടപെടലുകൾ തടയാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഇ) സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും ഡോക്ടർമാർ ബ്രാൻഡ് പേരിനു പകരം മരുന്നുകളുടെ ജനറിക് നാമം കുറിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കുടിവെള്ളലഭ്യത ഉറപ്പ് വരുത്താനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പദ്ധതി</u>

*76 ശ്രീ. വർക്കല കഹാർ
,, ഐ. സി. ബാലകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളലഭ്യത ഉറപ്പുവരുത്താനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

മെഡിക്കല്‍ കോളേജുകളുടെ സമഗ്ര വികസനത്തിന് കര്‍മ്മ പദ്ധതി

*77 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്
,, പാലോട് രവി
,, ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മെഡിക്കല്‍ കോളേജുകളുടെ സമഗ്ര വികസനത്തിന് എന്തെല്ലാം കര്‍മ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പിനുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം വികസനങ്ങളും സൗകര്യങ്ങളുമാണ് പദ്ധതിയനുസരിച്ച് മെഡിക്കല്‍ കോളേജുകളില്‍ നടപ്പില്‍ വരുത്തുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>കയറ്റിറക്ക് കൂലി പോസ്റ്റ് ഓഫീസ്, അക്ഷയ കേന്ദ്രങ്ങൾ എന്നിവ വഴി സ്വീകരിക്കാൻ നടപടി</u>

*78 ശ്രീ. കെ. ശിവദാസൻ നായർ
'' കെ. മുരളീധരൻ
'' ഐ. സി. ബാലകൃഷ്ണൻ
'' ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചുമട്ട് തൊഴിലാളികൾക്കുള്ള കയറ്റിറക്ക് കൂലി പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയകേന്ദ്രം എന്നിവ വഴി സ്വീകരിക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനുള്ള അനുമതി തൊഴിൽ വകുപ്പ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനുള്ള തുടർ നടപടികൾ ആരാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ഐ.ടി.ഐ കളിൽ വെർച്ച്വൽ ക്ലാസ്സ് റൂം</u>

*79 ശ്രീ. സണ്ണി ജോസഫ്
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ കളിൽ വെർച്ച്വൽ ക്ലാസ്സ് റൂം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിൽ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കെട്ടിടനിർമ്മാണ മേഖലയിലെ സുരക്ഷാ ക്രമീകരണങ്ങൾ</u>

*80 ശ്രീ. എൻ. ഷംസുദ്ദീൻ
'' കെ. എൻ. എ. ഖാദർ
'' സി. മോയിൻകുട്ടി
'' എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ മേഖലയിൽ അപകടങ്ങളും അപകട മരണങ്ങളും വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപകടമൊഴിവാക്കാൻ നിലവിലുള്ള സുരക്ഷാ ക്രമീകരണങ്ങളിൽ എന്തെങ്കിലും അപാകതകളുണ്ടോ എന്ന കാര്യം പരിശോധനാ വിഷയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ;

(സി) ബഹുനില കെട്ടിട നിർമ്മാണത്തിനിടെ അപകടം പറ്റുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കാര്യത്തിൽ എന്തൊക്കെ സമാശ്വാസ നടപടികളാണ് സ്വീകരിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>റിസോര്‍ട്ടുകളില്‍ സ്ത്രീകള്‍ക്ക് സംരക്ഷണം</u>

*81 ശ്രീ. ജി. സുധാകരന്‍
,, എളമരം കരീം
ഡോ. കെ. ടി. ജലീല്‍
ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റിസോര്‍ട്ടുകളില്‍ സ്ത്രീകള്‍ക്ക് സംരക്ഷണം ഉറപ്പാക്കാന്‍ നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന വനിതാ കമ്മീഷന്‍ നിര്‍ദ്ദേശം നല്‍കാനിടയായ സാഹചര്യം അറിയിക്കാമോ ;

(ബി) ഇക്കാര്യത്തില്‍ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ ;

(സി) വര്‍ക്കല, വിഴിഞ്ഞം, കോവളം ഉള്‍പ്പെടെയുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളില്‍ സമാധാനാന്തരീക്ഷം ഉറപ്പാക്കാന്‍ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കരിങ്കൽ മടകൾ മഴവെള്ള സംഭരണികളാക്കുന്നതിന് നടപടി</u>

*82 ശ്രീ. കെ. എൻ. എ. ഖാദർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖനനം നിന്നുപോയതും ഉപേക്ഷിക്കപ്പെട്ടതുമായ കരിങ്കൽ മടകൾ ഏറ്റെടുത്ത് അതിനെ മഴവെള്ള സംഭരണികളാക്കി വേനൽക്കാലത്ത് ജലം ശുദ്ധീകരിച്ച് പൊതുജനത്തിന് കുടിവെള്ളമാക്കി നല്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ പദ്ധതിയുണ്ടോ;

(ബി) നിലവിൽ ഇത്തരത്തിലുള്ള ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഏതെങ്കിലും ഏജൻസികൾ ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ നടത്തിപ്പ്

*83 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ഇ. പി. ജയരാജൻ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏഴാമത് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനായി എന്തൊക്കെ ഒരുക്കങ്ങളാണ് ചെയ്തിരിക്കുന്നതെന്നറിയിക്കാമോ; ഫെസ്റ്റിവലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കാൻ കാരണമെന്താണ് ;

(ബി) ഫെസ്റ്റിവൽ നടത്തിപ്പിനായി ഏതെങ്കിലും സംഘടനയുമായി കരാറിലേർപ്പെട്ടിരുന്നോ ; കരാറിന്റെ വിശദാംശം അറിയിക്കാമോ; മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി രജിസ്ട്രേഷൻ ഒരു സ്വകാര്യ സംഘടനയെ ഏല്പിച്ചത് എന്തിനു വേണ്ടിയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ഈ സംഘടനയുമായി ഒപ്പുവച്ച ധാരണാപത്രം ഹൈക്കോടതി റദ്ദാക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ ;

(ഡി) ഏകപക്ഷീയമായ ധാരണാപത്രത്തിന് പിന്നിൽ അഴിമതി ഉണ്ടെന്ന ആരോപണം പരിശോധിച്ചിരുന്നോ; വിശദാംശം അറിയിക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പ വിവാഹ ധനസഹായ പദ്ധതി</u>

*84 ശ്രീ. പുരുഷൻ കടലുണ്ടി
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ പട്ടികജാതിക്കാരായ യുവതികളുടെ വിവാഹ ധനസഹായ പദ്ധതി പ്രകാരം നൽകേണ്ട തുക മുടങ്ങാനിടയായ സാഹചര്യം വിശദമാക്കാമോ;

(ബി) വിവാഹ ധനസഹായം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനത്തിനനുസൃതമായി തുക ബജറ്റിൽ വകയിരുത്തിയിരുന്നോ; വിശദാംശം നൽകാമോ;

(സി) വിവാഹങ്ങൾ മുടങ്ങാതിരിക്കുവാനും അർഹരായ അപേക്ഷകർക്കെല്ലാം ഉടനടി തുക വിതരണം ചെയ്യുവാനും നടപടി സ്വീകരിക്കുമോ;

(ഡി) എത്രകാലം മുമ്പുവരെ അപേക്ഷ നൽകിയവർക്കാണ് ധനസഹായം നല്കാതിരിക്കുന്നതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>സൗജന്യ രോഗനിർണ്ണയ-ചികിത്സാ പദ്ധതി</u>

*85 ശ്രീ. ആർ. സെൽവരാജ്
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ ജീവിതശൈലീരോഗനിർണ്ണയത്തിനും സൗജന്യ ചികിത്സയ്ക്കും വിധേയരാക്കുന്ന ബൃഹത് പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടു കൂടിയാണ് ആസൂത്രണ നിർവ്വഹണം നടത്തുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്രസഹായമാണ് പ്രസ്തുത പദ്ധതിയ്ക്ക് ലഭിക്കുന്നതെന്നും പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ

*86 ശ്രീ. ബെന്നി ബെഹനാൻ
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ എന്തെല്ലാം അവസരങ്ങളാണ് നിലവിലുള്ളത് ; വിശദമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി നില നിർത്തി രജിസ്ട്രേഷൻ പുതുക്കാൻ അനുമതി നൽകിയിട്ടുണ്ടോ ;

(സി) ഏത് കാലയളവിലെ രജിസ്ട്രേഷനുകൾക്കാണ് ഈ ആനുകൂല്യം ലഭ്യമാക്കുന്നത് ;

(ഡി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ദേശീയ ജലപാതയുടെ പുനർനിർമ്മാണ പ്രവർത്തനം

*87 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ പുനർനിർമ്മാണ പ്രവൃത്തികൾ എതു ഘട്ടം വരെയായി; വിശദാംശങ്ങൾ നല്കുമോ;

(ബി) പ്രസ്തുത ജലപാത യാഥാർത്ഥ്യമാക്കുക വഴി സംസ്ഥാനത്തിന് ആർജ്ജിക്കാൻ കഴിയുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) ഉൾനാടൻ ജലഗതാഗതത്തിന് പ്രാമുഖ്യം ലഭിക്കുന്ന ദേശീയ ജലപാതയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>ശബരിമല തീർത്ഥാടനം</u>

*88 ശ്രീ. ആർ. രാജേഷ്
'' സാജു പോൾ
'' കെ. കെ. ജയചന്ദ്രൻ
'' ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരിയാർ കടുവാ സങ്കേതത്തിൽ ഗതാഗത നിയന്ത്രണമേർപ്പടുത്തണമെന്ന ദേശീയ വന്യജീവി ബോർഡിന്റെ നിർദ്ദേശം ശബരിമല തീർത്ഥാടനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പെരിയാർ കടുവാ സങ്കേതത്തിന്റെ ഭാഗമായ പമ്പയിൽ ഗതാഗത നിയന്ത്രണം ഒഴിവാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാടെന്തെന്ന് അറിയാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ജല അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ</u>

*89 ശ്രീ. എം.എ. വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ കുപ്പിവെള്ളനിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ഏത് മേഖലയിലാണ് ഇത്തരം യൂണിറ്റുകൾ ആരംഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള കുടിവെള്ളം വിതരണം ചെയ്യാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

## സ്പെഷ്യാലിറ്റി കേഡർ സംവിധാനം

*90 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, പി. ഉബൈദുള്ള
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഡോക്ടർമാരുടെ തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുമായി നടപ്പിലാക്കിയ സ്പെഷ്യാലിറ്റി കേഡർ സംവിധാനം കുറ്റമറ്റ രീതിയിലാണോ പ്രവർത്തിക്കുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) സ്പെഷ്യലിസ്റ്റ് ഡോക്ടർമാർക്കുവേണ്ടി തീരുമാനിക്കപ്പെട്ട പോസ്റ്റുകൾ പകുതിയിലധികം ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച കണക്കെടുപ്പുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) സേവന വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തി സ്പെഷ്യാലിറ്റി കേഡർ പദ്ധതി ക്രിയാത്മകമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2013 ഡിസംബർ 30.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്

[ചട്ടം 47(1)].